## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4476 | 27.06.2013-ലെ മറുപടിക്ക്

## ഇ-ടെണ്ടറിങ്ങ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>,, അൻവർ സാദത്ത്<br>,, ബെന്നി ബെഹനാൻ<br>,, വർക്കല കഹാർ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് സുതാര്യവും കാര്യക്ഷമവുമാക്കാൻ ഇ-ടെണ്ടറിങ്ങിന് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | ടെണ്ടർ നടപടികൾ കൂടുതൽ കാര്യക്ഷമമായും വേഗത്തിലും നടപ്പാക്കാൻ ഇ-ടെണ്ടറിംഗ് വഴി കഴിയുന്നു. കോൺട്രാക്ടർമാർക്ക് നേരിട്ട് ഹാജരാകാതെ തന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ രേഖകൾ വായിക്കുവാനും അതു വഴി കൂടുതൽ മത്സരക്ഷമത ഉറപ്പാക്കാനും സാധിക്കുന്നു. ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വെബ്സൈ-റ്റിലൂടെ ജനങ്ങൾക്ക് അറിയാൻ കഴിയുമെന്നതിനാൽ അഴിമതി തടയാൻ കഴിയുന്നു. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുവാനും അനാവശ്യ ചെലവുകൾ ഒഴിവാക്കാനുമാകുന്നു. ടെണ്ടർ ക്ഷണിയ്ക്കുന്ന ഉദ്യോഗസ്ഥന്റെ ഡിജിറ്റൽ സിഗ്നേച്ചർ, ടെണ്ടർ രേഖകളിൽ ഉപയോഗിക്കുന്നതിനാൽ ഇ-ടെണ്ടറിംഗ് ആധികാരികമാകുന്നു. ഇ-ടെണ്ടറിംഗിൽ പങ്കെടുത്ത വ്യക്തികളുടെ പേരു വിവരങ്ങൾ ടെണ്ടർ തുറക്കുന്നതുവരെയും അറിയാൻ കഴിയുന്നില്ല എന്നതിനാൽ തന്നെ ടി വ്യക്തികളുടെ മേൽ വിവിധ തരം സ്വാധീനം ചെലുത്തലുകൾ ഉണ്ടാകുന്നത് ഒഴിവാക്കാൻ കഴിയും. |
| (സി) എന്തെല്ലാം സഹായമാണ് ഇതിന് ലഭിക്കുന്നത്; | (സി) | ടെണ്ടർ നടപടികൾ കൂടുതൽ കാര്യക്ഷമമായും വേഗത്തിലും നടപ്പാക്കാൻ ഇ-ടെണ്ടറിംഗ് വഴി കഴിയുന്നു. കോൺട്രാക്ടർമാർക്ക് നേരിട്ട് ഹാജരാകാതെ തന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ രേഖകൾ വായിക്കുവാനും അതു വഴി കൂടുതൽ മത്സരക്ഷമത |

ഉറപ്പാക്കാനും സാധിക്കുന്നു. ടെണ്ടർ നടപടികളുടെവിശദാംശങ്ങൾ വെബ്സൈറ്റിലൂടെ ജനങ്ങൾക്ക് അറിയാൻ കഴിയുമെന്നതിനാൽ അഴിമതി തടയാൻ കഴിയുന്നു. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുവാനും അനാവശ്യ ചെലവുകൾ ഒഴിവാക്കാനുമാകുന്നു.

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഡി) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധന സഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ ഭാഗമായി 2011 ഡിസംബർ മുതൽ പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.72/11/ പൊ.മ.വ., തീയതി 03.12.2011 പ്രകാരം ഡിസംബർ 7 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ റോഡ്സ് ബ്രിഡ്ജസ് സൗത്ത് സർക്കിൾ ഓഫീസിൽ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സമ്പ്രദായം ആരംഭിച്ചു. തുടർന്ന് 14.02.2012 മുതൽ പൊതുമരാമത്ത് വകുപ്പിലെ എല്ലാ സർക്കിൾ ഓഫീസുകളിലേയും 2 കോടി രൂപയും അതിനു മുകളിൽ വരുന്ന പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് ബാധകമാക്കി, എന്നാൽ 01.02.12-ലെ ജി.ഒ.(പി)നം.13/2012/ പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ചപ്പോൾ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി 5 കോടി രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് സർക്കിൾ ഓഫീസുകളിൽ 5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് നടത്തുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ (25 ലക്ഷത്തിനു മുകളിൽ)വിളിക്കുന്ന എല്ലാ ടെണ്ടറുകൾക്കും ഇ-ടെണ്ടറിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഇ-ടെണ്ടറിംഗ് നടപ്പിലാക്കുന്നതിന്റെ പുരോഗതി സർക്കാർ കൃത്യമായി അവലോകനം ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ